2

# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നംബർ : 1832/11/12/2023/ TVM**

പരാതികക്ഷി : രാജീവ് കെ.എ,രാജ്ഭവൻ,പ്ലാവോട്
15(956),പുളിമാത്ത് പി.ഒ
തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 09.05.2024**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1/പി2/44/1277 നമ്പറായി അംഗത്വമുള്ള പരാതികക്ഷി 60 വയസ് പൂർത്തിയാകുന്ന 5/2020 വരെ അംശാദായം അടച്ചിട്ടുള്ളതായും എന്നാൽ നാളിതുവരെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലായെന്നും, ടിയാൻ മാനസിക രോഗം ബാധിച്ച് പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിലാണെന്നും, കൂടാതെ മറ്റ് അസുഖങ്ങൾ കാരണവും അവശതയിലാണെന്നും, മരുന്നുവാങ്ങാൻ പോലും നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്ന തനിക്ക് എത്രയും വേഗം പെൻഷൻ അനുവദിച്ചു തരാനുള്ള നടപടി ഉണ്ടാകണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലാ എക്സിക്യുട്ടീവ് ഓഫീസർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതികക്ഷി 1/1992 മുതൽ 05/2020 വരെ അംശാദായം അടച്ച് 11/06/2020 ൽ അധിവർഷാനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും, ലഭിക്കുന്ന അപേക്ഷകളുടെ മുൻഗണനാക്രമത്തിൽ സർക്കാർ ഫണ്ടിൻെറ ലഭ്യതയ്ക്കനുസരിച്ച് 16/03/2016 വരെയുള്ള അപേക്ഷകൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ടെന്നും, അംഗം അടവാക്കിയ തുകയും ഗ്രാൻറായി അനുവദിക്കുന്ന തുകയും ഉൾപ്പെടുത്തിയാണ് അതിവർഷാനുകൂല്യം അംഗങ്ങൾക്ക് നൽകുന്നതെന്നും, സർക്കാർ ഫണ്ടിൻെറ അപര്യാപ്തതമൂലം 16/03/2016 ന് ശേഷം ലഭിച്ച അപേക്ഷകളിന്മേൽ അതിവർഷാനുകൂല്യം വിതരണം ചെയ്തിട്ടില്ലായെന്നും, മാരക രോഗമുള്ളവർക്ക് മുൻഗണനാക്രമം മറികടന്ന് ആനുകൂല്യം നൽകുന്നുണ്ടെന്നും, എന്നാൽ മാനസികരോഗം മാരക രോഗങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടിയാന്

മുൻഗണനാക്രമം മറികടന്ന് ആനുകൂല്യം നൽകാൻ സാധിക്കില്ലായെന്നും റിപ്പോർട്ടിൽ കാണുന്നു.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. സമൂഹത്തിലെ ഏറ്റവും അടിസ്ഥാന ജനവിഭാഗമാണ് കർഷക തൊഴിലാളികൾ. തൊഴിൽ ചെയ്യാനുള്ള ആരോഗ്യം നഷ്ടപ്പെടുമ്പോഴാണ് അവർക്ക് അർഹതപ്പെട്ട പെൻഷൻ ലഭിക്കേണ്ടത്. അംശാദായം കൃത്യമായി ഒടുക്കിവരുന്നവരും 60 വയസ്സ് പൂർത്തിയായവരുമായ ഇത്തരം ദുർബല ജനവിഭാഗത്തിന് യഥാസമയം പെൻഷൻ വിതരണം ചെയ്യാൻ കഴിയാതെവരുന്നത് തികച്ചും ഖേദകരമായി കമ്മീഷൻ കാണുന്നു. മാനസിക രോഗവും മറ്റ് രോഗങ്ങളും കാരണം നിത്യവൃത്തിക്കോ മരുന്നു വാങ്ങാനോ ശേഷിയില്ലാത്ത പരാതികക്ഷിക്ക് അർഹതപ്പെട്ട പെൻഷൻ എത്രയും വേഗം ലഭ്യമാക്കേണ്ടതാണെന്ന് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഒപ്പ്
**കെ. ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ